"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-ലൈഫ് മിഷൻ-ഗുണഭോക്താക്കൾക്ക് മൂന്നു വർഷത്തേക്ക് ഭവന ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കുന്നതിനായി 8,74,40,903 രൂപ അനുവദിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഡിബി) വകുപ്പ്**

G.O.(Ms) No.82/2021/LSGD തീയതി,തിരുവനന്തപുരം, 26/03/2021

പരാമർശം:- 1 സ.ഉ.(കൈ) നമ്പർ 54/2021/തസ്വഭവ തീയതി 19/02/2021.

2 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 05/03/2021-തീയതിയിലെ എൽ.എം.15/2020 നമ്പർ കത്ത്.

**ഉത്തരവ്**

സർക്കാർ നടപ്പാക്കിവരുന്ന സമ്പൂർണ്ണ ഭവന പദ്ധതിയായ ലൈഫ് പദ്ധതിയിലെ നിർമ്മാണം പൂർത്തീകരിച്ച വീടുകൾക്ക് ഭവന ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ് വരുത്തുന്നതിനും സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്, പൊതുമേഖല ഇൻഷ്വറൻസ് കമ്പനിയായ യുണൈറ്റഡ് ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് കോ- ഇൻഷ്വറൻസ് വ്യവസ്ഥയിൽ നടത്തുവാൻ ഉദ്ദേശിക്കുന്ന ഭവന ഇൻഷ്വറൻസ് പദ്ധതിയുടെ ആദ്യ മൂന്ന് വർഷത്തേക്കുള്ള പ്രീമിയം അടയ്ക്കുന്നതിന് ഇപ്പോൾ പൂർത്തീകരിച്ചിട്ടുള്ള 2,50,547 വീടുകൾക്ക് ആവശ്യമായ 8,74,40,903/- രൂപ ലൈഫ് മിഷന്റെ 4515-00-102-49 (റൂറൽ ഡെവലപ്മെൻറ് പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിനും അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവാകുകയുണ്ടായി. 8,74,40,903/- രൂപ (എട്ട് കോടി എഴുപത്തിനാല് ലക്ഷത്തി നാൽപതിനായിരത്തി തൊള്ളായിരത്തി മൂന്ന് രൂപ മാത്രം) ലൈഫ് മിഷന്റെ 4515-00-102-49 (റൂറൽ ഡെവലപ്മെൻറ് പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് യുണൈറ്റഡ് ഇൻഷ്വറൻസ് കമ്പനിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഒടുക്കുന്നതിന് ഉത്തരവാകണമെന്ന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (2) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം പരിശോധിക്കുകയും ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് ഭവന ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കുന്നതിനായി ആദ്യ മൂന്ന് വർഷത്തേക്കുള്ള പ്രീമിയം അടയ്ക്കുന്നതിന് ഇപ്പോൾ പൂർത്തീകരിച്ചിട്ടുള്ള 2,50,547 വീടുകൾക്ക് ആവശ്യമായ 8,74,40,903/- (എട്ടു കോടി എഴുപത്തിനാലു ലക്ഷത്തി നാൽപതിനായിരത്തി തൊള്ളായിരത്തിമൂന്ന് രൂപ മാത്രം) രൂപ ലൈഫ് മിഷന്റെ 4515-00-102-49(Rural development Plan) എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ചുകൊണ്ടും യുണൈറ്റഡ് ഇൻഷ്വറൻസ് കമ്പനിയുടെ SBI ബാങ്ക് അക്കൗണ്ടിലേക്ക്(BANK NAME : STATE BANK OF INDIA, ACCOUNT NUMBER : 00000057036988291, IFSC : SBIN0070028, ACCOUNT NAME : UNITED INDIA INSURANCE COMPANY LTD.,BANK BRANCH : THIRUVANANTHAPURAM (MAIN)) പ്രസ്തുത തുക ഒടുക്കുന്നതിന് അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SARADA MURALEEDHARAN IAS
ADDITIONAL CHIEF SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.

പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യവകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി, സഹകരണ വകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യബന്ധനവും തുറമുഖ വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്(No.DEV-2/75/2021-FIN(1727092) dated 22/03/2021).

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by
REENAMMA P A
Date: 2021.03.26 12:18:08 IST
Reason: Approved
സെക്ഷൻ ഓഫീസർ